(ബി) ഏതെല്ലാം ഭൂവികസന ബാങ്കുകളാണ് ഇതിനകം വിഭജിക്കപ്പെട്ടിട്ടുള്ളത് ;

(സി) വിഭജിക്കപ്പെടാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളിൽ പുതിയ നിയമനങ്ങൾ നടത്തുവാൻ നടക്കുന്ന ശ്രമങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിന് അനുമതി നൽകാതിരിക്കാൻ ഗവൺമെന്റ് വേണ്ട നടപടിയെടുക്കുമോ ;

(ഇ) ഭൂവികസന ബാങ്കുകളുടെ ആസ്തി നിർണ്ണയിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒരു താലൂക്കിൽ ഒരു കാർഷികവികസന ബാങ്ക് എന്ന ആശയ പ്രകാരം സംസ്ഥാനത്ത് 17 പ്രാഥമിക കാർഷിക വികസന ബാങ്കുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. എന്നാൽ പുതിയ ബാങ്കുകൾ പ്രവർത്തിക്കുന്നതിനു മുമ്പ് ഗവൺമെന്റ് നയരൂപീകരണം നടത്തി തീരുമാനിക്കണമെന്ന ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം 6 (ആറ്) കാർഷിക വികസന ബാങ്കുകൾ നിലനിർത്താനും ബാക്കിയുള്ളവ പ്രവർത്തിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആസ്തി ബാദ്ധ്യതകൾ വിഭജിച്ചു നൽകുന്നതിനെതിരെ ചില കാർഷിക വികസന ബാങ്കുകൾ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തിരിക്കുന്നതിനാൽ ടി ബാങ്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ രണ്ട് ബാങ്കുകളുടെ പ്രവർത്തനം ഭാഗീകമായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഒരു ബാങ്കിന്റെയും ആസ്തി ബാധ്യതകൾ വിഭജിക്കപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ആസ്തി ബാധ്യതകൾ നിർണ്ണയിക്കുന്നതിന് സംസ്ഥാന ബാങ്കിൽ പുതിയതായി അഫിലിയേറ്റു ചെയ്ത കാർഷിക വികസന ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആസ്തി ബാധ്യതകൾ നിർണ്ണയിക്കുന്നതിനുംവേണ്ടി സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട ബാങ്കുകളുടെ യോഗം വിളിച്ചു ചേർക്കുകയും സ്കീം തയ്യാറാക്കി ജോയിന്റ് രജിസ്ട്രാർമാർക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ലഭിച്ചുകഴിഞ്ഞ സ്കീമുകൾ ജോയിന്റ് രജിസ്ട്രാർമാരുടെ പരിശോധനയിലാണ്.

സഹകരണ ബാങ്കുകളിൽ ക്ഷേമനിധി നടപ്പിലാക്കാൻ നടപടി

169 [768] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്യുന്ന കളക്ഷൻ ഏജന്റുമാർക്കുള്ള ക്ഷേമനിധി കാസർഗോഡ് ജില്ലയിലെ നിരവധി സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ സഹകരണ ബാങ്കുകളിലും നിർബന്ധമായും കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

സഹകരണസ്ഥാപനങ്ങളിലെ ലാഭം സാമൂഹ്യകാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ നടപടി

170 [769] ശ്രീ. കെ. ബാബു :

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. കെ. മുഹമ്മദാലി :

,, പി. ടി. തോമസ് :

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾ, സഹകരണബാങ്കുകൾ എന്നിവയ്ക്ക് കിട്ടുന്ന ലാഭം എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് ;

(ബി) പ്രസ്തുത ലാഭത്തുക സാമൂഹ്യകാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ സഹകരണസ്ഥാപനങ്ങൾ മുന്നോട്ടുവരാറുണ്ടോ ;

(സി) എങ്കിൽ എത്ര സഹകരണസ്ഥാപനങ്ങൾ ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്നു ;

(ഡി) സഹകരണസ്ഥാപനങ്ങളുടെ ലാഭത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക സാമൂഹ്യക്ഷേമകാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുവാൻ വേണ്ട നടപടി എടുക്കുമോ?

ഉത്തരം

(എ) സഹകരണ നിയമം വകുപ്പ് 56 (1) പ്രകാരം ഒരു സഹകരണ സംഘത്തിന്റെ അറ്റാദായം താഴെ പറയും പ്രകാരം വിനിയോഗിക്കുന്നു.

(1) അറ്റാദായത്തിന്റെ 15% ൽ കുറയാതെയുള്ള തുക കരുതൽ ധനത്തിലേക്ക് വക മാറ്റുന്നതിന്.

(2) 5% ൽ കവിയാതെയുള്ള തുക സഹകരണ വിദ്യാഭ്യാസ ഫണ്ടിലേക്ക് വക മാറ്റുന്നതിന്.

LIBRARY ARCHIVES Kerala Legislative Assembly